# സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് ക്രൈസ്റ്റ് ദ കിംഗ്
# (Secular Institute Christ the King)

## ആമുഖം (Introduction)

ഞങ്ങൾ അല്മായർ - കർത്താവായ യേശുക്രിസ്തുവിനും അവന്റെ രാജ്യത്തിനും വേണ്ടി സമർപ്പിത ജീവിതം നയിക്കാൻ വിളിക്കപ്പെട്ട പുരുഷ അല്മായർ. മാമ്മോദീസായിലൂടെ ലഭിച്ച ദൈവീക വരപ്രസാദത്തെ ആഴപ്പെടുത്തുകയാണ് ഈ സമർപ്പണത്തിന്റെ ലക്ഷ്യം. വ്യക്തിപരമായി ലഭിച്ച വിളിക്ക് പ്രത്യുത്തരമായി കത്തോലിക്കാ സഭയുടെ പാരമ്പര്യങ്ങൾക്കും, പഠനങ്ങൾക്കും അനുസ്യൂതമായ ദാരിദ്ര്യം, ബ്രഹ്മചര്യം അനുസരണം എന്നീ വ്രതങ്ങൾ സ്വീകരിച്ചുകൊണ്ട് സമർപ്പിതരായി ജീവിക്കുന്ന അല്മായരാണ് ഞങ്ങൾ. ഓരോരുത്തരും മുമ്പ് ആയിരുന്ന ജീവിതസാഹചര്യങ്ങളിൽ തന്നെയാണ് സമർപ്പിത ജീവിതത്തിലും തുടരുന്നത്. ഞങ്ങളിൽ വിദ്യാർത്ഥികൾ, തൊഴിലാളികൾ, ഉന്നത ഉദ്യോഗസ്ഥർ, കൂലിപ്പണിക്കാർ, ബിസിനസ്സുകാർ, ഉദ്യോഗത്തിൽ നിന്ന് വിരമിച്ചവർ എന്നിങ്ങനെയുള്ളവർ ഉണ്ട്. ഓരോരുത്തരും താന്താങ്ങൾ ആയിരിക്കുന്ന ജീവിത സാഹചര്യങ്ങളിൽ ക്രിസ്തീയ ചൈതന്യം പ്രസരിപ്പിക്കാനും ക്രിസ്തീയ സാക്ഷ്യം നല്കാനും സ്വമേധയാ തെരഞ്ഞെടുത്ത ഒരു സമർപ്പണമാണിത്. ഞങ്ങൾ കൂട്ടായ്മയുള്ള ഒരു സമൂഹത്തിന്റെ (community) ഭാഗമാണ്. എങ്കിലും ഞങ്ങൾ എല്ലാവരും ഒരുമിച്ച് ഒരു സ്ഥലത്ത് വസിക്കുന്നില്ല. ഞങ്ങളെ തിരിച്ചറിയാൻ ബാഹ്യമായ എന്തെങ്കിലും അടയാളങ്ങളോ പൊതുവായ ഒരു വസ്ത്രധാരണ രീതിയോ ഇല്ല. ഞങ്ങൾക്കെല്ലാവർക്കും ഒരുപോലെ ബാധകമായ പൊതുവായ ഒരു തൊഴിലോ, ജോലിയോ, ഉദ്യോഗമോ ഇല്ല. ലോകത്തിൽ ക്രിസ്തുസാന്നിദ്ധ്യം അറിയിക്കാനുള്ള സുവിശേഷവതികരണത്തിന് പൊതുവായി ഒരു രീതി യും നിർദ്ദേശിച്ചിട്ടില്ല. അംഗങ്ങളുടെ വിശ്വാസപരിശീലനത്തിനും, ആദ്ധ്യാത്മികപോഷണത്തിനും, ആത്മീയ അനുയാത്രയ്ക്കും വേണ്ടിയുള്ള ഒരു 'വേദി' യാണ് ഞങ്ങളുടെ ഇൻസ്റ്റിറ്റ്യൂട്ട് കൂട്ടായ്മ (community).

## ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേര്

യേശുവിന്റെ രാജാധികാരവും രാജ്യവുമാണ് ഇൻസ്റ്റിറ്റ്യൂട്ട് ആദ്ധ്യാത്മികതയുടെ കേന്ദ്രം. കുരിശുമരണം വരിച്ച രാജാവായ യേശുക്രിസ്തുവിനെയാണ് ഞങ്ങൾ പിൻചെല്ലുന്നത്. അവന്റെ സാമ്രാജ്യം ഭൂരാഷ്ട്ര തന്ത്രങ്ങൾക്കതീതമാണ്. അത് ലൗകീക കാഴ്ചപ്പാടിൽ അതിശക്തവുമല്ല. അവന്റെ രാജ്യത്തിന് സായുധരായ സേനാവ്യൂഹമോ, വാളോ, മറ്റേതെങ്കിലും ആയുധങ്ങളോ ഇല്ല, സ്വേഛാധിപത്യമോ ഭൗതീക ശക്തിയോ ഇല്ല, കേവലം ആദ്ധ്യത്മികശക്തി മാത്രം. ദൈവഹിതം നിറവേറ്റപ്പെടുന്നിടത്ത് അവന്റെ ഭരണം നടക്കുന്നു - അവിടുത്തെ പദ്ധതിയായ 'പുതിയ ആകാശവും പുതിയ ഭൂമിയും' സാക്ഷാത്ക്കരിക്കപ്പെടുമ്പോൾ; എല്ലാം ക്രിസ്തുവിൽ ഒന്നാകുമ്പോൾ.

## ഞങ്ങളുടെ ആദ്ധ്യാത്മികത

ഈ ലോകത്തിൽ ഞങ്ങൾ ഓരോരുത്തരും ആയിരിക്കുന്ന അവസ്ഥയിലും സാഹചര്യത്തിലും, തിരിച്ചറിയാനുള്ള പ്രത്യേക അടയാളങ്ങളോ സമർപ്പണത്തെ സൂചിപ്പിക്കുന്ന എന്തെങ്കിലും ബാഹ്യരൂപങ്ങളോ ഇല്ലാതെ തന്നെ നല്ല ക്രൈസ്തവരായി ജീവിക്കാൻ അഭിലഷിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയിലെ പരാമർശം ഞങ്ങൾ കടമെടുക്കുന്നു - "ലോകത്തിന്റെ മധ്യത്തിൽ ഭൗതിക ജീവിതവ്യാപാരങ്ങളിൽ നിന്നുകൊണ്ട് ലോകത്തെ ദൈവികപദ്ധതി പ്രകാരം ക്രമപ്പെടുത്തുകയും ദൈവരാജ്യം അന്വേഷിക്കുകയും ചെയ്യുക എന്ന അതുല്യമായ പ്രത്യേകതയാണ് ഈ വിളിക്കുള്ളത്". "കുടുംബജീവിതത്തിന്റെയും സാമൂഹിക ജീവിതത്തിന്റെയും സാധാരണ വ്യാപാരങ്ങളിൽ മുഴുകികൊണ്ട് അവർ തങ്ങളുടെ സമർപ്പിത അസ്തിത്വത്തിന് ഊടും പാവും മെനഞ്ഞെടുക്കുന്നു". എല്ലാ ദിവസവും പ്രാർത്ഥനയ്ക്കായി കുറെസമയം മാറ്റിവയ്ക്കുന്നു. തിരുവചനങ്ങളുടെ ധ്യാനവും പരിശുദ്ധ കുർബാനയും ഈ പ്രാർത്ഥനാവേളകളെ ധന്യമാക്കുന്നു. ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും ദൈവദാനമായി കാണുകയും അനുദിന ദിവ്യബലിയിൽ അവ സമർപ്പിക്കുന്നതുവഴി ഞങ്ങളുടെ പ്രവർത്തനങ്ങൾ ഫലദായകവും ജീവസുറ്റതായി മാറുകയും ചെയ്യുന്നു. ഞങ്ങളുടെ സമർപ്പിത ജീവിതം ഒരു സാധാരണ അല്മായന്റെ ഭൗതിക ജീവിതസാഹചര്യവുമായി വളരെയേറെ ഐക്യപ്പെട്ടിരിക്കുന്നു.

## ഞങ്ങളുടെ ചരിത്രം

ഇത്തരം ഒരു ജീവിത ശൈലിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്ന് ബോധ്യമുണ്ടായ പത്ത് സഹോദര ങ്ങൾക്കൊപ്പംചേർന്ന് ഇറ്റലിയിലെ ജുസെപ്പെ ലസാറ്റി എന്ന വ്യക്തി 1930 കളിൽ സ്ഥാപിച്ചതാണ് ഈ ഇൻസ്റ്റിറ്റ്യൂട്ട്. സുവിശേഷത്തിൽ പ്രതിപാദിക്കുന്നതുപോലെ ലോകത്തിൽ, വിശിഷ്യ സമൂഹത്തിൽ പുളിമാവും ഉപ്പും ആയി ത്തീരാൻ ലസാറ്റിയും സുഹൃത്തുക്കളും ആഗ്രഹിച്ചു. ദൈവീക പദ്ധതി പ്രകാരം ലോകത്തെ മാറ്റിയെടുക്കുക എന്ന ഉത്തരവാദിത്വബോധത്തോടെ ലോകമദ്ധ്യത്തിലായിരുന്നുകൊണ്ടും, ഓരോരുത്തനും തന്റെ വ്യക്തിഗത ജീവിതമണ്ഡലങ്ങളിൽനിന്നുകൊണ്ടും കർത്താവിന് പരിപൂർണ്ണമായി സമർപ്പിക്കാൻ അവർ നിശ്ചയിച്ചു. ആത്യന്തി കമായി കർത്താവിനെ പിൻചെല്ലാനുള്ള വിളിക്ക് പ്രത്യുത്തരമായി തങ്ങളുടെ ജോലി, സാമൂഹ്യപ്രവർത്തനങ്ങൾ, രാഷ്ട്രീയം, സംഘടനകൾ എന്നിവയെല്ലാം ഉപയോഗപ്പെടുത്താം എന്നവർ മനസ്സിലാക്കി. അല്മായരായിരുന്നു കൊണ്ടുതന്നെ സഭയുടെ ദൗത്യത്തിലും സഭാ ജീവിതത്തിലും പൂർണ്ണമായി വ്യാപൃതരാകാനുള്ള ആവശ്യകത അവർക്ക് ബോധ്യമായി.

ഒരു സമൂഹമായി (Community) രുപപ്പെടാനുള്ള അവരുടെ സ്വപ്നത്തെ സാക്ഷാത്കരിക്കുന്നതിനാ വശ്യമായ നിയമപരവും ആവശ്യമായ മറ്റ് വിവരങ്ങളും നല്കി അന്നത്തെ മിലാൻ രൂപത മെത്രാപ്പോലീത്ത വാഴ്ത്തപ്പെട്ട ഇൽദെഫോൻസൊ ഷൂസ്റ്റർ അവരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തു.1952-ൽ അദ്ദേഹം ഒരു ഉത്തരവ് (ഡിക്രി) മുഖേന ആദ്യം "മിലിറ്റെസ് ക്രിസ്റ്റി" എന്ന പേരിൽ ഒരു സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടി നുള്ള കാനോനിക അംഗീകാരം നല്കി. ഇത് പിന്നീട് "ക്രൈസ്റ്റ് ദ കിംഗ് " എന്ന പേരിൽ അറിയപ്പെടുകയും പോൾ ആറാമൻ പാപ്പായുടെ അംഗീകാരത്തോടെ പൊന്തിഫിക്കൽ പദവിയുള്ള സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടായി 1963-ൽ ഉയർത്തപ്പെടുകയും ചെയ്തു.

## ഞങ്ങളുടെ സാന്നിധ്യം

ഇറ്റലി, ഇന്ത്യ, പോളണ്ട്, ന്യൂസിലാന്റ്, ഡെമോക്രാറ്റിക് റിപ്പബ്ലിക്ക് ഓഫ് കോംഗോ, ഘാന, ഉഗാണ്ട, വെനസ്വേല എന്നീ രാജ്യങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ടിന് അംഗങ്ങളുണ്ട്. ഭൂമിശാസ്ത്രപരവും, ഭാഷാ അടിസ്ഥാനത്തിലു മുള്ള ആവശ്യകതയനുസരിച്ച് ഏറ്റവും കുറഞ്ഞത് പത്ത് അംഗങ്ങളെങ്കിലുമുള്ള ചെറിയ കമ്മ്യുണിറ്റി (സമൂഹം) കളായി ഇൻസ്റ്റിറ്റ്യൂട്ടിനെ സംവിധാനം ചെയ്തിരിക്കുന്നു. ഓരോ കമ്മ്യൂണിറ്റിക്കും ഒരു പ്രദേശിക പ്രസിഡന്റ് ഉണ്ടായിരിക്കും. പ്രസിഡന്റ് ജനറലും ജനറൽ കൗൺസിലും ഇൻസ്റ്റിറ്റ്യുട്ടിന്റെ ആകമാനം ഭരണത്തെ നിയന്ത്രിക്കു ന്നു. ഇവർ ഓരോ അഞ്ചുവർഷം കൂടുമ്പോഴും ഇൻസ്റ്റിറ്റ്യുട്ടിന്റെ ജനറൽ കോൺഗ്രസ് തെരഞ്ഞെടുക്കുന്നവരാ യിരിക്കും.

## ഏതാനും സവിശേഷതകൾ (Some Characteristics)

തിരുസഭയോടുള്ള അത്യഗാധമായ പ്രതിബദ്ധതയിലും ബന്ധത്തിലും ജീവിക്കുന്ന അല്മായരാണ് ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങൾ. സഭാ തനയരെന്നനിലയിൽ മാർപാപ്പയോടും മെത്രാന്മാരോടും ആദരവ് പുലർത്തുകയും വൈദികരോടും അവരുടെ അജപാലന ശുശ്രൂഷകളോടും സഹകരിക്കുകയും ചെയ്യുന്നു. നസ്രത്തിലെ യേശുവിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് അവർ തങ്ങളുടെ കുടുംബബന്ധങ്ങളും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നു. അതുവഴി അവരിലെ നൈസർഗ്ഗികമായ സ്നേഹവാത്സല്യങ്ങളെ ഉപവിയാൽ ചൈതന്യവത്താക്കുന്നു. ക്രിസ്തീയ സുകൃതങ്ങളനുസരിച്ച് ജീവിച്ചുകൊണ്ടാണ് അവർ മറ്റുമനുഷ്യരുടെ മനസിൽ വിശ്വാസത്തിന് സാക്ഷ്യം വഹിക്കുന്നത്. എന്നാൽ അംഗങ്ങളെ തിരിച്ചറിയത്തക്ക മറ്റ് യാതൊരു അടയാളമോ വസ്ത്രധാരണമോ ഇല്ല. ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി ഒരു ഏകീകൃത നിർദ്ദിഷ്ട ശുശ്രൂഷാ മേഖലയില്ല; പ്രത്യേകമായ ഒരു ശുശ്രൂഷയോ സേവനമോ പ്രോത്സാഹിപ്പിക്കുന്നുമില്ല. ഇത് ഓരോ അംഗത്തിന്റെയും വ്യക്തിഗതമായ വിളിയെ ആദരിക്കുന്നതിനുവേണ്ടിയാണ്. കൂടാതെ ഓരോരുത്തനും അവൻ ആയിരിക്കുന്ന സാധാരണ ജീവിത സാഹചര്യങ്ങളിലുള്ള മറ്റ് മനുഷ്യരിൽനിന്നും മാറ്റി നിർത്തപ്പെടുന്നില്ല എന്നുറപ്പുവരുത്തുന്നതിനും വേണ്ടിയാണ്. സഭയിലും ലോകത്തിലും പരിശുദ്ധാത്മാവ് സ്വമേധയാ അനസ്യൂതം തുടരുന്ന പ്രവർത്തനങ്ങളോടുള്ള തുറവിയും ജാഗ്രതയും ഇതു വ്യക്തമാക്കുന്നു.

### 1, സുവിശേഷാനുസാര സുകൃതങ്ങൾ

ക്രിസ്തുവിനായി തന്നെതന്നെ നേടാൻവേണ്ടി നടത്തുന്ന "ശുന്യവത്കരണം അഥവാ ദൈവത്തോടുള്ള സമ്പൂർണ സമർപ്പണം" എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങൾ ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ വ്രതങ്ങൾ പാലിച്ചു ജീവിക്കുന്നു. അതുവഴി അവരുടെ ഹൃദയത്തിലും, വസ്തുവകകളിലും മനോഗതിയിലും ദൈവത്തിന്റെ സർവ്വാധീശത്വം അംഗീകരിക്കുന്നു. നിശ്ചിതമായ ഉദ്ദേശ്യശുദ്ധിയോടെ പ്രാരംഭത്തിൽ താല്ക്കാലികമായി വ്രതങ്ങൾ സ്വീകരിക്കുന്നു. പിന്നെ ഓരോ വർഷവും വ്രതം പുതുക്കുന്നു. നാല് വർഷം പൂർത്തിയാവുന്ന മുറയ്ക്ക് ത്രൈവാർഷികമായും അടുത്ത ആറ് വർഷം തികയുമ്പോൾ അംഗത്തിന്റെ ആഗ്രഹമനുസരിച്ച് നിത്യവ്രതവും സ്വീകരിക്കാവുന്നതാണ്. വ്രതങ്ങളെ വീക്ഷിക്കേണ്ടത് കേവലം ബാഹ്യവും നിയമപരവുമായ ഒരു പ്രവൃത്തിയായിട്ടല്ല, മറിച്ച് വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും വെളിച്ചത്തിലാണ്. വ്രതങ്ങൾ അർത്ഥമാക്കുന്നത് ഒരു വ്യക്തിയുടെ ദൈവത്തോടുള്ള പരിത്യാഗമനോഭാവത്തിന്റെയും സമർപ്പണത്തിന്റെയും അടയാളമായിട്ടാണ്. തന്നെ ഏറ്റവും ഫലദായകമായ രീതിയിലും മുഴുവനായും അതുല്യമായും ദൈവത്തിന് നല്കുന്നതിന്റെ പ്രകാശനമാണ് അത്.

### സമർപ്പിത ബ്രഹ്മചര്യം (ചാരിത്ര്യശുദ്ധി)

ലൗകിക വ്യാപാരങ്ങളിൽ ഇടപഴകി ജീവിക്കുകയും ബ്രഹ്മചര്യം പാലിക്കുകയും ചെയ്യാൻ ചാരിത്ര്യശുദ്ധി എന്ന സുവിശേഷോപദേശം അംഗങ്ങളോട് ആവശ്യപ്പെടുന്നു. ദൈവരാജ്യത്തെപ്രതിയുള്ള ബ്രഹ്മചര്യം വിവാഹജീവിതത്തെ കേവലം പരിത്യജിക്കലല്ല, അതിലുപരി സ്നേഹത്തെയും ജീവനെയും അടിവരയിട്ട് പ്രമാണികരിക്കലാണ്. അത് സ്നേഹത്തിന് സാക്ഷ്യം വഹിക്കാനും, സ്നേഹത്തിന്റെ യഥാർത്ഥ മുഖം അന്വേഷിക്കുന്നവർക്ക് പ്രോത്സാഹനമാകാനുമാണ്. ലോകത്തിന്റെ സ്നേഹബന്ധങ്ങളിൽനിന്നും വിമുക്തരായ അവർക്ക് അവിഭക്ത സ്നേഹത്തോടെ കർത്താവിനെ ഹൃദയത്തിൽ സ്നേഹിക്കാനാകുന്നു. പ്രാർത്ഥനയും വിശ്വാസവുമാണ് ചാരിത്ര്യശുദ്ധിയെന്ന വ്രതത്തിന്റെ തായ്‌വേര്. മനുഷ്യവ്യക്തികളിൽനിന്ന് അകലം പാലിച്ചുകൊണ്ടല്ല, മറിച്ച് സാമൂഹ്യപ്രവർത്തനങ്ങളിൽ സജീവമായിക്കൊണ്ടും അവരുമായി ഇടപഴകി അവരെ ദൈവാനുഭവത്തിലേക്ക് നയിച്ചുകൊണ്ടുമാണ് ഈ വ്രതം അനുഷ്ഠിക്കേണ്ടത്. വൈകാരികതലത്തിലുള്ള സമഗ്രമായ വ്യക്തിത്വരൂപീകരണത്തിനും പക്വമായ കലർപ്പില്ലാത്ത സുഹൃത്ത്ബന്ധങ്ങൾ വളർത്തിയെടുക്കുന്നതിനും പ്രബുദ്ധമായൊരു പരിശീലന പ്രക്രിയ ആവശ്യമാണ്.

### സമർപ്പിത ദാരിദ്ര്യം

ദാരിദ്ര്യത്തോട് നാം എത്രമാത്രം അനുരൂപപ്പെടുന്നുവോ അത്രയധികമായി നാം സർവ്വശക്തനായ ദൈവത്തോട് അടുക്കുന്നു. അത് ദൈവത്തിങ്കലേയ്ക്കുള്ള വഴിയാണ്; യേശുവിനെപ്പോലെ പിതാവായ ദൈവവുമായി ഒന്നാകാൻ സ്വമേധയാ സ്വീകരിക്കുന്ന മാർഗ്ഗം. ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങൾ എല്ലാവരും ഒരുമിച്ച് ഒരു സ്ഥലത്ത് താമസിക്കുന്നില്ല. ബഹുഭൂരിപക്ഷവും അവരവരുടെ കുടുംബാംഗങ്ങളോടൊത്തോ അല്ലെങ്കിൽ തനിച്ചോ ആണ് താമസിക്കുന്നത്. ഓരോരുത്തുരും അവരവർക്ക് അനുയോജ്യമായ ഒരു തൊഴിലോ ഉദ്യോഗമോ കണ്ടെത്തുന്നു; സ്വന്തം ഉപജീവനത്തിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നു. ശമ്പളം സ്വന്തമായി സൂക്ഷിക്കുന്നു, സ്വന്തമായി ചെലവുകൾ വഹിക്കുന്നു. ഒരു ഭാഗം നാളേയ്ക്കായി മാറ്റി വയ്ക്കുന്നു. അന്നന്നത്തെ അപ്പത്തിനായി അദ്ധ്വാനിക്കുന്നതാണ് ദാരിദ്ര്യത്തിന്റെ ഭൗതീക അടിസ്ഥാനമെന്ന് അതുവഴി അടിവരയിട്ട് പറയുന്നു. അവർ തങ്ങളുടെ ചുറ്റുമുള്ള

സാധാരണ ജനങ്ങളെപ്പോലെ സാമ്പത്തിക അരക്ഷിതാവസ്ഥയിൽ പങ്കുചേർന്നു ജീവിക്കുന്നു. അതുവഴി അവരും സാധാരണക്കാരുടെ ജീവിതസംഘട്ടനങ്ങളിലും, സമ്മർദ്ദങ്ങളിലും, പ്രയാസങ്ങളിലും, പട്ടിണിയിലും സുവിശേഷാനുസാരമായ ദാരിദ്ര്യാരൂപിയുടെ ചൈതന്യം അനുഭവവേദ്യമാക്കുന്നു. അവർ പാവപ്പെട്ടവരെ സഹായിക്കാനും, സ്വന്തം വസ്തുവകകൾ അവരുമായി പങ്കുവയ്ക്കാനും പ്രതിജ്ഞബദ്ധരായിത്തീരുന്നു. സമൂഹത്തിലെ അനീതിയ്ക്കും അടിച്ചമർത്തലിനുമെതിരായി സാമ്പത്തികമായി പാർശ്വവൽക്കരിക്കപ്പെട്ടവരോടൊപ്പം സാമൂഹ്യവും രാഷ്ട്രീയവുമായ മുന്നേറ്റങ്ങളിൽചേർന്ന് അവർക്കുവേണ്ടി പൊരുതാൻ ബാദ്ധ്യസ്ഥരാകുന്നു. പാവപ്പെട്ടവരുടെ പക്ഷം ചേരുന്നതിന് മുൻഗണന നൽകാനും അവരുടെ സൗഹൃദത്തെ ഇഷ്ടപ്പെടാനും വിളിക്കപ്പെടുന്നു. കൂടാതെ സ്വന്തം മാതാപിതാക്കൾക്കും മറ്റ് ആശ്രിതർക്കും അതോടൊപ്പം ഇൻസ്റ്റിറ്റ്യുട്ടിനും ആവശ്യമായത് നൽകണം. അവർ ഓരോ വർഷവും തങ്ങളുടെ സാമ്പത്തിക ബഡ്ജറ്റ് ഡയറക്ടർക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങുകയും ആവശ്യമുള്ള സന്ദർഭങ്ങളിലെല്ലാം ഇൻസ്റ്റിറ്റ്യുട്ട് നിയമം അനുശാസിക്കുന്ന വിധത്തിൽ ധനവിനിയോഗത്തിന് പ്രത്യേകം അനുവാദം വാങ്ങുകയും വേണം. ഇത് വസ്തുവകകൾ കൈവശം വയ്ക്കുന്നതിനോ, സമ്പാദിക്കുന്നതിനോ, കൈകാര്യം ചെയ്യുന്നതിനോ തടസ്സം സൃഷ്ടിക്കാനല്ല, മറിച്ച് അവയുടെ സ്വതന്ത്രമായ വിനിയോഗത്തെ നിയന്ത്രിക്കാൻ അംഗങ്ങളെ സഹായിക്കുന്നതിനു വേണ്ടിയാണ്. മറ്റുള്ളവരുടെകൂടി ആവശ്യത്തിനുവേണ്ടി ദൈവം കാര്യസ്ഥതയ്ക്കായി എന്നെ ഏല്പിച്ചു തന്നിട്ടുള്ളതാണ് എന്റെ കൈവശമുള്ള വസ്തുവകകൾ എന്ന മനോഭാവത്തോടെയാണ് അംഗങ്ങൾ സ്വന്തം വസ്തുവകകൾ കൈകാര്യം ചെയ്യുന്നത്. ആന്തരികമായ ആത്മീയ പരിവർത്തനം ഉണ്ടാകത്തക്കവിധം ആന്തരിക സ്വാതന്ത്ര്യത്തോടും, സുവിശേഷാത്മക വിരക്തിയോടും കൂടി വേണം ഇവയെല്ലാം ചെയ്യുന്നത്. സമ്പത്തിന്റെ വിനിയോഗത്തിൽ ആന്തരികമായി സവിശേഷലാളിത്യമനോഭാവം ഉണ്ടെങ്കിലും സമാനസാഹചര്യങ്ങളിൽ ജീവിക്കുന്ന ചുറ്റുമുള്ള മറ്റേതൊരു വ്യക്തിയിൽ നിന്നും വ്യത്യാസമൊന്നും ബാഹ്യമായി പ്രകടമാകുന്നില്ല. ഇതാണ് സമർപ്പിത ദാരിദ്ര്യത്തിന്റെ ശൈലി - തികച്ചും സാധാരണമായ അല്മായ ജീവിതം.

**സമർപ്പിത അനുസരണം**

ഡയറക്ടർ നല്കുന്ന സൂചനകൾ ദൈവഹിതത്തിന്റെ നിഗൂഢമായ വെളിപ്പെടുത്തലായി സ്വീകരിക്കാൻ വിശ്വാസം ആവശ്യമാണ്. ഇൻസ്റ്റിറ്റ്യുട്ട് അംഗങ്ങൾ അനുസരണവ്രതം പ്രഖ്യാപിക്കുമ്പോൾ കുരിശുമരണത്തോളം അനുസരണത്തിന് വിധേയനായ യേശുവിനെയാണ് അനുകരിക്കുന്നത്. ഭൗതിക ജീവിതത്തിന്റെ വ്യാപാരങ്ങളിൽ അനുസരണം പ്രാവർത്തികമാക്കികൊണ്ട് അംഗങ്ങൾ ഈ വ്രതത്തെ ആവർത്തിച്ചുറപ്പിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ട് മീറ്റിംഗുകളിലും, ധ്യാന അവസരങ്ങളിലും പഠനത്തിനായുള്ള കൂട്ടായ്മകളിലും ഡയറക്ടറുടെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ അംഗങ്ങൾ വ്യക്തിപരമായും, എല്ലാവരും പരസ്പരവും ദൈവഹിതം വിവേചിച്ചറിയാൻ പരിശീലിക്കുന്നു. അതോടൊപ്പം ഓരോ അംഗവും തന്റെ സ്വന്തം ജീവിതസാഹചര്യങ്ങളിലും തൊഴിൽ മേഖലകളിലും തന്റെ അനുസരണം എങ്ങനെ പ്രകാശിതമാക്കാം എന്ന് സ്വയം കണ്ടെത്തുന്നു. ഓരോ അംഗവും തന്റെ ജീവിതത്തെ സംബന്ധിച്ച മൗലികവശങ്ങളുടെ പ്രഥമഗണന ഡയറക്ടറെ അറിയിക്കുകയും അവയെക്കുറിച്ചുള്ള ഡയറക്ടറുടെ തീരുമാനവും വ്യാഖ്യാനവും ദൈവഹിതത്തിന്റെ വെളിപ്പെടുത്തലായി കാണുകയും ചെയ്യുന്നു. ഒരു പ്രത്യേക ഉദ്യോഗമോ, തൊഴിലോ ആരംഭിക്കൽ, അല്ലെങ്കിൽ അതിൽ നിന്നും വിരമിക്കൽ, നിലവിലുള്ള ജീവിതാവസ്ഥയിൽ നിന്നുള്ള മാറ്റം, ഭേദഗതി, താമസസ്ഥലത്തിന്റെ മാറ്റം, സുവിശേഷവൽക്കരണത്തിനും, മനുഷ്യോദ്ധാരണത്തിനുമുള്ള പുതിയ സംരംഭങ്ങൾ എന്നിവയെക്കുറിച്ചുള്ള മുൻഗണനകൾ ഡയറക്ടറുടെ അംഗീകാരത്തിനും തീരുമാനത്തിനും വിധേയമായവയിൽ ഉൾപ്പെടുന്നു. എന്നിരുന്നാലും ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിബന്ധനകൾക്ക് വിധേയമായി ഒരോ അംഗവും അവരവരുടേതായ പ്രത്യേക ഭൗതീക ജീവിത സാഹചര്യങ്ങളുടെയും ഔദ്യോഗീക ജീവിതത്തിന്റെയും പശ്ചാത്തലത്തിൽ നിർണ്ണായകമായ കാര്യങ്ങളിൽ തന്നെക്കുറിച്ചുള്ള ദൈവീക പദ്ധതി സ്വന്തമായി വിവേചിച്ചറിയാൻ പരിശ്രമിക്കേണ്ടതാണ്.

**2. ഒരുമിച്ചുള്ള സഹവാസമില്ല, എന്നാൽ ഒരേകൂട്ടായ്മയുടെ ഭാഗം**

"ഒരു ഹൃദയവും ഒരു ആത്മാവും" (അപ്പ: 4/32) എന്ന കാഴ്ചപ്പാടിൽ വിശ്വാസത്തിൽ ഒരേ കൂട്ടായ്മയുടെ ഭാഗമായി ജീവിക്കുന്ന അംഗങ്ങളുടെ സമൂഹമാണ് ഇൻസ്റ്റിറ്റ്യൂട്ട്. സൗഹൃദത്തോടും പരസ്നേഹത്തിന്റെ മനോഭാവത്തോടുംകൂടി ഈ കൂട്ടായ്മയുടെ ചൈതന്യം സൂക്ഷിക്കുന്നതിന് അംഗങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് മീറ്റിംഗുകളിൽ പങ്കെടുക്കണം, ഇൻസ്റ്റിറ്റ്യൂട്ട് ആവശ്യപ്പെടുമ്പോഴെല്ലാം ആവശ്യമായ സേവനം നല്കണം, വൃദ്ധരായ അംഗങ്ങളെ സഹായിക്കണം, പരസ്നേഹത്തിന്റെ അരൂപിയിൽ സഹോദരസമാനമായ തിരുത്തലുകൾ നിർദ്ദേശിക്കണം. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വളർച്ചയ്ക്കും നിലനില്പിനും നിലകൊള്ളാൻ പ്രതിജ്ഞാബദ്ധരാകണം. ഓരോ അംഗത്തിനും ഈ ലോകചരിത്രത്തിൽ തനിക്കായി ദൈവം നിശ്ചയിച്ചു വച്ചിരിക്കുന്ന വ്യക്തിപരമായ ജീവിതദൗത്യവും കർമ്മപദ്ധതികളും പരിശോധിച്ചറിയാനും, അത് വിശ്വാസത്തിന്റെ വെളിച്ചത്തിൽ വായിച്ചെടുക്കാനുമുള്ള പ്രത്യേക സന്ദർഭങ്ങളാണ് ഇൻസ്റ്റിറ്റ്യൂട്ട് മീറ്റിംഗുകൾ. അംഗങ്ങൾ തങ്ങളുടെ ഓരോരുത്തരുടെയും പ്രത്യേക

ഭൗതീക സാഹചര്യങ്ങളിൽതന്നെ അതിന്റെ പൂർണ്ണതയിൽ സമർപ്പിതരായി ജീവിക്കണം എന്ന ദർശനം ഉള്ളതിനാൽ ഒരുമിച്ചുള്ള സഹവാസം ഒരു നിർബന്ധഘടകമായി ഇൻസ്റ്റിറ്റ്യൂട്ട് കാണുന്നില്ല.

**3. അപ്പസ്തോലിക ശുശ്രൂഷ**

ഇൻസ്റ്റിറ്റ്യുട്ടിന് ഏകീകൃതമായ (പൊതുവായ) ഒരു അപ്പസ്തോലിക ശുശ്രൂഷ ഇല്ല. ഓരോ അംഗത്തിനും വ്യക്തിഗതമായ അപ്പസ്തോലിക പ്രവർത്തനമേയൊള്ളു. ഓരോ അംഗത്തിനും തിരുസഭയിൽ സ്വകാര്യവും വ്യക്തിഗതവുമായ സ്ഥാനമാണ് ഉള്ളത്. ഇൻസ്റ്റിറ്റ്യൂട്ട് അംഗത്വത്തിന്റെ പേരിൽ അവന് സഭയിൽ ഔദ്യോഗിക സ്ഥാനമാനങ്ങൾ ഒന്നുമില്ല. ലോകത്തിൽ നിലവിലുള്ള അപ്പസ്തോലിക ദൗത്യങ്ങൾ അംഗങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിക്കുന്നതോടൊപ്പം സ്വന്തം ചുറ്റുപാടുകളിൽ തങ്ങൾക്കേർപ്പെടാവുന്ന പുതിയ ശുശ്രൂഷകൾ കണ്ടെത്തുകയും വേണം. അല്മായർക്ക് ചേർന്ന വിധത്തിലുള്ള ഭൗതിക ജീവിതമേഖലകളിലെ ഉദ്യോഗം, പ്രവർത്തനങ്ങൾ, ശൈലികൾ, സ്ഥലങ്ങൾ, മറ്റ് സാഹചര്യങ്ങൾ എന്നിവയ്ക്കനുസൃതമായിരിക്കണം ശുശ്രൂഷയുടെ മേഖലകൾ. സുവിശേഷ ചൈതന്യത്താൽ എല്ലാറ്റിനെയും ഉത്തേജിപ്പിക്കുകയും ക്രിസ്തുവിന്റെ ശരീരത്തെ ശക്തിപ്പെടുത്തുകയും വളർത്തുകയും ചെയ്യുന്ന പുളിമാവായിരിക്കണം അംഗങ്ങൾ. അവർ പ്രാഥമികമായി ലൗകിക ജീവിത യാഥാർത്ഥ്യങ്ങളെ ദൈവോന്മുകമായി ക്രമീകരിച്ചുകൊണ്ടും സുവിശേഷ ദീപ്തിയാൽ ലോകത്തെ രൂപപ്പെടുത്തിക്കൊണ്ടും ഈ ദൗത്യം നിർവ്വഹിക്കുന്നു. തങ്ങളുടെ സമർപ്പണത്തോട് വിശ്വസ്തത പുലർത്തിക്കൊണ്ടും ക്രിസ്തീയ സാക്ഷ്യത്തിലൂടെയും അവർ തിരുസഭയുടെ ലോക സുവിശേഷവൽക്കരണ ദൗത്യത്തിൽ പങ്കുചേരുന്നു. അവരുടെ സ്വന്തം ശുശ്രൂഷകളോടൊപ്പം സഭാപരമായ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നു. എന്നാൽ ഇത് ഒരു അല്മായന്റെ സ്ഥാനത്ത് നിന്നുകൊണ്ടായിരിക്കും. കല, ശാസ്ത്രം, രാഷ്ട്രീയം എന്നിങ്ങനെയുള്ള വിശാലമായ ശുശ്രൂഷാമേഖലകളാണ് അവർക്ക് ഉള്ളത്. വിശിഷ്യാ, വൈദീകർക്കും സന്യസ്തർക്കും ഇറങ്ങിച്ചെല്ലാനാകാത്ത മേഖലകളിൽ പ്രവർത്തിക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് പ്രോത്സാഹിപ്പിക്കുന്നു. സഭയുടെ ഒരു ഔദ്യോഗിക പ്രതിനിധിയായി പൊതുശുശ്രൂഷ ചെയ്യുന്ന ആളായിട്ടല്ല, മറിച്ച് സാധാരണ അല്മായ ശുശ്രൂഷകനായിട്ടാണ് അംഗങ്ങളെ സമൂഹത്തിനായി സമർപ്പിക്കുന്നത്. എക്കാലവും ഒരു സാധാരണ അല്മായ വിശ്വാസിയെപ്പോലെ സ്വകാര്യമായി വ്യക്തിപരമായ ശുശ്രൂഷാജീവിതം നയിക്കുന്നു.

വെറുതെ എന്തെങ്കിലും ചെയ്തുകൂട്ടലല്ല അംഗങ്ങളിൽനിന്നും പ്രതീക്ഷിക്കുന്നത്. ഒരു പ്രവൃത്തി ചെയ്യുന്നതിലുപരി അവിടെ ദൈവഹിതപ്രകാരം അങ്ങനെ ആയിരിക്കുന്നതിനാണ് പ്രാധാന്യം. കർമ്മോത്സുകതയല്ല, കർമ്മത്തിന്റെ ശക്തിക്കും ഉദ്ദേശ്യശുദ്ധിക്കുമാണ് പ്രാധാന്യം. എല്ലാം ക്രിസ്തുവിൽ ഒന്നാകുന്നതിന് വേണ്ടിയുള്ള പ്രതിജ്ഞാബദ്ധതയും സാമർത്ഥ്യവുമാണ് അവരിൽ നിന്നാവശ്യപ്പെടുന്നത്.

**4. പ്രാർത്ഥന**

ജീവിതത്തിൽ ഒന്നാം സ്ഥാനം പ്രാർത്ഥനയ്ക്ക് നല്കണമെന്ന് അംഗങ്ങളെ പഠിപ്പിക്കുന്നു. സ്വന്തം വിളിയിൽ ഏറ്റവും ഫലപ്രദമായ രീതിയിൽ ലോകമധ്യത്തിൽ നിലനില്ക്കാൻ പ്രാർത്ഥനയിലൂടെ മാത്രമേ കഴിയൂ എന്നാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. സമർപ്പണത്തെ ഏറ്റവുമധികം പ്രകാശിപ്പിക്കുന്ന ഏകഘടകം പ്രാർത്ഥനയാണ്. പ്രാർത്ഥനയുടെ കേന്ദ്രം യേശുവിന്റെ പെസഹാരഹസ്യമാണ് - പരിശുദ്ധകുർബാനയിലും, ദൈവത്തിന്റെയും സഭയുടെയും മാതാവുമായ പരിശുദ്ധമറിയത്തിലൂടെയുമാണ് ഈ പെസഹാ അനുഭവം അനാവൃതമാകുന്നത്. അംഗങ്ങളുടെ പ്രാർത്ഥനയുടെ പ്രധാനപ്പെട്ട ഘടകങ്ങൾ സഭയുടെയും ലോകത്തിന്റെയും ആവശ്യങ്ങളും, പ്രതീക്ഷകളുമാണ്. അംഗങ്ങൾക്ക് പ്രാർത്ഥനയിൽ വളരാനും, കർത്താവുമായുള്ള ബന്ധത്തിൽ ആഴപ്പെടാനും ഡയറക്ടറുടെ സഹായവും മാർഗനിർദേശങ്ങളും സഹായകരമാകുന്നു. ഇൻസ്റ്റിറ്റ്യുട്ട് അംഗമായ ഏകാകിയായ ഈ അപ്പസ്തോലൻ സഭയോടും ദൈവത്തോടുമുള്ള തന്റെ സമർപ്പണത്തെ തീക്ഷ്ണതയോടെ സംരക്ഷിക്കാത്തപക്ഷം; പ്രാർത്ഥനയും, ജോലിയും, ധ്യാനവും, പ്രവർത്തനങ്ങളും ചേർന്നുള്ള വിളിയെ ഓരോ മിനിറ്റിലും ജാഗ്രതയോടെ കാക്കാത്തപക്ഷം, അവൻ അവന്റെ ആദർശങ്ങളെ വഞ്ചിക്കുകയാണ്; തന്നെതന്നെ വഞ്ചിക്കുകയാണ്, അവന്റെ ദൈവവിളിയെതന്നെ നിഷേധിക്കുകയും തന്റെ തിരഞ്ഞെടുപ്പിനോട് അവിശ്വസ്തതകാണിക്കുകയുമാണ് ചെയ്യുന്നത്.

## വ്യക്തിത്വ രൂപവത്കരണം
## (Formation)

ഒരാൾക്ക് സമഗ്രമായ ഒരു വ്യക്തിത്വം കൈവരുമ്പോഴും വ്യക്തിത്വ വളർച്ചയോട് അയാൾ തുറവി കാണിക്കുമ്പോഴുമാണ് ആ വ്യക്തി രൂപവത്കരിക്കപ്പെട്ടു (ഉൃീാലറ) എന്ന് പറയുന്നത് – ഒരാൾ അയാളുടെതന്നെ അദ്ധ്യാപകനും നായകനുമായി മാറുന്ന അവസ്ഥ, പുതിയ അനുഭവങ്ങളെ ഉൾക്കൊള്ളാൻ തയ്യാറാകുകയും അവയുടെ ആവശ്യകതയെക്കുറിച്ച് അവബോധമുണ്ടാകുകയും ചെയ്യുന്ന പക്വതയാർന്ന അവസ്ഥ. സ്വന്തം നിയന്ത്രണത്തിലും അധികാരത്തിലും ഒരു കാര്യം ചെയ്യാൻ കഴിയുന്ന വ്യക്തിയാണ് യഥാർത്ഥത്തിൽ തനതായ വ്യക്തിത്വം രൂപവത്കരിക്കപ്പെട്ടയാൾ. ഒരു ക്രിസ്തുശിഷ്യന്റെ മുഖമുദ്ര അവനിൽ ക്രിസ്തു രൂപപ്പെടുക എന്നതാണ് എന്ന് വിശുദ്ധ പൗലോസ് ശ്ലീഹ പറയുന്നുണ്ടല്ലോ (ഗലാ:4/19). പ്രതിസന്ധികളുമായി മൽപിടുത്തം നടത്തിയാണ് ഒരു അംഗം വളരേണ്ടത്. പരിശീലനം എന്നത് ശക്തമായ പ്രതിരോധം തരുന്നതും അനക്കം തട്ടാതെ ഉള്ളിൽ സൂക്ഷിക്കുന്നതുമായ ഒരു സുരക്ഷാകവചമല്ല; മറിച്ച് കഠിനവും വേഗതയേറിയതുമായ വ്യതിയാനങ്ങൾ അനുവദിക്കുന്ന ആന്തരിക ചട്ടക്കൂടാണ് . ഇതാണ് വ്യക്തിത്വ വളർച്ചയെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്ന പര്യായം. പരിശീലനകാലഘട്ടത്തിലെ ഒരു സമയത്തും ഒരു അർത്ഥി അവന്റെ സാമൂഹിക ഭൗതിക സാഹചര്യങ്ങളിൽനിന്ന് മാറ്റിനിറുത്തപ്പെടുന്നില്ല.

പ്രഥമ വ്രതവാഗ്ദാനമെടുക്കുന്നതിനു മുമ്പുള്ള നാലുവർഷം അംഗമാകാൻ തിരഞ്ഞെടുക്കപ്പെടുന്ന അർത്ഥിയുടെ ആസ്പിരൻസി കാലഘട്ടം ആയിരിക്കും. ഈ നാലുവർഷത്തെ കാലഘട്ടം അർത്ഥിക്ക് ഡയറക്ടറുമായുള്ള വ്യക്തിപരമായ സംവാദത്തിലൂടെയും ഇൻസ്റ്റിറ്റ്യൂട്ട് കൂട്ടായ്മയിലുള്ള ഭാഗഭാഗിത്വത്തിലൂടെയും അവന്റെ വിളിയെ കൂടുതലായി വിവേചിച്ചറിയാനും, വിളിയിൽ ആഴപ്പെടാനും സാധിക്കുന്നു. ഓരോ വ്യക്തിയും അദ്ദേഹത്തിന്റെ വ്യക്തിപരമായ വരദാനങ്ങൾ, തന്റെ ജീവിതത്തിന്റെയും പ്രവർത്തനങ്ങളുടെയും സവിശേഷമായ പശ്ചാത്തലം ഇവയെ സമന്വയിപ്പിച്ച് തന്റെ മതപരവും സാമൂഹികപരവും ഔദ്യോഗികവുമായ സംസ്കാരത്തെ വളർത്തിയെടുക്കുന്നു.

ഇനിയും ഈ പുതിയ ജീവിതശൈലിയുടെ പ്രയാസകരമായ വശങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. ഇത് ആരേയും ഭയപ്പെടുത്താനല്ല, മറിച്ച് ഇത് തന്റെ ദൈവവിളിയെ അന്വേഷിക്കുന്നവർക്ക് കൂടുതൽ ഗൗരവമായി അതിനെക്കുറിച്ച് പരിചിന്തനം നടത്താനും വിശ്വാസ അനുഭവത്തിൽ ബോധപൂർവമായ തീരുമാനം എടുക്കുന്നതിനുംവേണ്ടിയാണ്. ഇൻസ്റ്റിറ്റ്യൂട്ട് അംഗത്തിന് ഒരു മഠത്തിന്റെയോ ആശ്രമ മുറിയുടെയോ സംരക്ഷണമില്ല. അക്ഷരാർത്ഥത്തിൽ ഒരു കൂട്ടായ്മയുടെ (community) സംരക്ഷണവലയവുമില്ല. അവൻ സ്വന്തം കുടുംബത്തോടൊത്തോ അല്ലെങ്കിൽ നിലവിലുള്ള അതേ സാമൂഹിക ചുറ്റുപാടിലോ തുടർന്നും ജീവിക്കുന്നു. തന്റെ ആദർശങ്ങൾ ചുറ്റുമുള്ളവരുമായി ഒത്തുപോകാൻ അനുവദിക്കാത്തിടത്തോളം അവന്റെ സാമൂഹികജീവിതത്തിലുള്ള സ്വതസിദ്ധമായ ഉൾച്ചേരൽ സുഖകരമായിരിക്കില്ല, മറിച്ച് ഏറെ ക്ലേശകരമായിരിക്കും. ഈ ആദർശങ്ങൾ ലോകത്തിന് മനസ്സിലാക്കാനാകാത്ത പല പരിത്യാഗങ്ങളും അവനിൽ നിന്നാവശ്യപ്പെടും. മാത്രമല്ല, ഈ വിളിയെക്കുറിച്ച് ശരിയായി മനസ്സിലാകാത്ത വ്യക്തികളുടെ എതിർപ്പിനും കാരണമാകാം. എന്നിരുന്നാലും ഈ വിളി ഏതൊരു വ്യക്തിയേയും സമൂഹത്തിന്റെ ഉപകാരിയാക്കി മാറ്റിയെടുക്കുന്നു.

ബന്ധുക്കളിലും കുടുംബത്തിലും കെട്ടപ്പെട്ട വ്യക്തികൾക്കും, ഭൗതീകതയിൽ മുഴുകി ജീവിക്കുന്നവർക്കും, ആത്മീയതയ്ക്കുപകരം തികച്ചും മാനുഷികമായ രീതിയിൽ തന്റെ ഏകാന്തതയ്ക്കും ഒറ്റപ്പെടലിനും പരിഹാരം തേടുന്നവർക്കും സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് വിളിയും ജീവിതവും എളുപ്പമായിരിക്കില്ല. ഓരോ വ്യക്തിയുടെയും ഉള്ളിന്റെ ഉള്ളിൽ ചില മാറ്റിനിറുത്തലുകളും, വേർപെടുത്തലുകളും ഈ ജീവിതശൈലി അനിവാര്യമാക്കുന്നു.

ഏകാന്ത ജീവിതമെന്നത് ഒരു സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗം നിരന്തരം ബോധ പൂർവം അംഗീകരിക്കേണ്ട പ്രയാസകരമായ പരിത്യാഗമാണ്. ലോകത്തിന്റെ പാപവഴിക ളിൽ നിന്നും അവൻതന്നെ സ്വയം അവനെപ്രതിരോധിക്കുന്നു. അവനിലൂടെ പൂർത്തി യാക്കപ്പെടേണ്ട ദൗത്യങ്ങളുടെ ഉത്തരവാദിത്വങ്ങൾ മുഴുവനും അവൻ തന്നെ നിർവഹി ക്കേണ്ടിയിരിക്കുന്നു. സ്വയം ഏറ്റെടുക്കുന്ന പ്രവൃത്തികളിലും അവന്റെ സ്വന്തം ശക്തിയിലും മാത്രം അവന്റെ ജീവിതത്തിന്റെ ചക്രവാളം പരിമിതപ്പെടുന്നു. തനിയെ ആയിരിക്കുന്നതു കൊണ്ടും കൂടുതൽ സ്വതന്ത്രനായതുകൊണ്ടും മറ്റേതൊരു സമൂഹത്തിലെ സമർപ്പിതനേ ക്കാളും ഭീമമാണ് അവന്റെ ഉത്തരവാദിത്വം. അതുകൊണ്ട് സ്വന്തം വ്യക്തിത്വ രൂപീകരണ ത്തെക്കുറിച്ചും സ്വന്തം നിലനില്പിനെക്കുറിച്ചും ഉള്ള അവന്റെ ആകുലതകളും കൂടുതൽ ശക്തമായിരിക്കും.

കേവലം ഉപരിപ്ലവമായ രീതിയിൽ ഈ ദൈവീക സമർപ്പണത്തെ കാണുന്ന വ്യക്തി കൾക്ക് ഈ പുതിയ ജീവിതശൈലി വളരെ എളുപ്പമായി തോന്നാം. എന്നാൽ അങ്ങനെയ ല്ല, ഇത് തീർത്തും പ്രയാസകരംതന്നെ. പിന്തുടരേണ്ട മാർഗം ഏറെ തടസ്സങ്ങൾ നിറഞ്ഞ താണ്. എന്നാൽ കർത്താവിന്റെ സഹായത്തോടെ അവയെ തരണം ചെയ്യുകയാണ് ഒരു അംഗത്തിന്റെ ഉത്തരവാദിത്വം.

ആസ്പിരൻസിയിൽ ചേരാനാഗ്രഹിക്കുന്ന ഒരു വ്യക്തി ഏറ്റവും പ്രഥമമായി കർത്താവിന്റെ വിളിയെ മനസ്സിലാക്കുകയും അതിനോട് ഉദാരമായി പ്രത്യുത്തരിക്കാൻ ഇച്ഛാ ശക്തി കാണിക്കുകയും വേണം.

കർത്താവേ അരുൾചെയ്താലും ഇതാ ദാസൻ ശ്രവിക്കുന്നു.... ഇതാ ഞാൻ....
(1 സാമു:3/6,9).

# ഭൗതിക ജീവിതത്തിൽ നിന്നുകൊണ്ടുള്ള സമർപ്പണം- സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകൾ
# (Consecration in the midst of the World-Secular Institutes)

ഭൗതിക ജീവിതത്തിനുള്ളിൽ നിന്നുകൊണ്ടുതന്നെ സ്നേഹത്തിന്റെ പൂർണ്ണതയ്ക്കുള്ള അന്വേഷണം എന്നും, എക്കാലത്തും തിരുസഭയിൽ നിലനിന്നിട്ടുണ്ട്. ലോകത്തിലായിരുന്നുകൊണ്ട് സമർപ്പിതരായി ജീവിക്കാൻ വേണ്ടിയാണ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉത്ഭവിച്ചത്.

ലോകത്തിൽ ഭൗതിക ജീവിതം നയിച്ചുകൊണ്ട് ലോകത്തിനുള്ളിൽ നിന്നുതന്നെ അതിന്റെ വിശുദ്ധീകരണത്തിനായി യത്നിക്കുന്ന സമർപ്പിതരായ ക്രൈസ്തവരുടെ ആത്മീയ സമൂഹമാണ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട്. സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗം ഒരേസമയം അല്മായനും സമർപ്പിതനുമായി ജീവിക്കുന്നു. സമർപ്പണവും അല്മായ ജീവിതാവസ്ഥയുമാണ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആകെത്തുക.

ദൈവത്തിന്റെ ഇംഗിതം സ്വീകരിച്ച് ദൈവകരങ്ങളിൽ സ്വയം അടിയറ വയ്ക്കുന്ന ഒരു വ്യക്തിയിൽ ദൈവം നടത്തുന്ന അഭിഷേകത്തിന്റെ പ്രവൃത്തിയാണ് സമർപ്പണം. ഈ അഭിഷേകം ദൈവത്തിൽ പൂർണ്ണത കണ്ടെത്താനുള്ള അനന്തമായ ഉൾപ്രേരണയുടെ സമ്മർദ്ദത്താൽ അവനെ നിറയ്ക്കുന്നു. കൂടാതെ ദൈവം സ്നേഹിക്കുന്നതുപോലെ സ്നേഹിക്കാനുള്ള കഴിവും അവനിൽ നിറയ്ക്കുന്നു. ആയതിനാൽ സമർപ്പണം ഒരു ദൈവിക പ്രവൃത്തിയാണ് - മനുഷ്യത്വത്തിന്റെ തനിമയിൽ നിന്ന് ദൈവികതയുടെ ഒരു പ്രത്യേക തലത്തിലേയ്ക്ക് വേർതിരിച്ച് മാറ്റി നിറുത്തുന്നു; ജീവിതത്തിന് ഒരു പുതുമ കൈവരുന്ന പ്രവൃത്തി. പാപത്തിൽനിന്ന് വേർപെടുത്തി യേശുക്രിസ്തുവഴി ദൈവത്താൽ സ്വന്തമാക്കപ്പെടുന്ന അനുഭവമാണത്. സുവിശേഷാനുസാരമായ സുകൃതങ്ങൾ അഥവാ ആഹ്വാനങ്ങൾ പാലിച്ച് ജീവിക്കാൻ എല്ലാവർക്കും (സാർവ്വത്രികമായി) വിളിയുണ്ട്. ഇതിൽ ദാരിദ്ര്യം, ബ്രഹ്മചര്യം (ചാരിത്ര്യശുദ്ധി), അനുസരണം എന്നീ മൂന്ന് സുകൃതങ്ങൾ സഭയിലും, ലോകത്തിലും, സഭയ്ക്കുവേണ്ടിയും ലോകത്തിനു വേണ്ടിയും അനുഷ്ഠിക്കുന്നതിന് പ്രതീകാത്മകമായ അർത്ഥമുണ്ട്; ഉദ്ദേശ്യവുമുണ്ട്. ഈ മൂന്ന് സുകൃതങ്ങളെ സുവിശേഷാനുസാരമായ ഉപദേശങ്ങൾ എന്നാണ് വിളിക്കുന്നത്. ലോക മദ്ധ്യത്തിൽ ഈ മൂന്ന് സുവിശേഷാനുസാര ഉപദേശങ്ങളും ശരിയായും പൂർണ്ണതയിലും പ്രഖ്യാപിക്കുന്നത് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ അനിവാര്യതയാണ്.

അല്മായത്വം അഥവാ ഭൗതിക ജീവിതം എന്നതുകൊണ്ടുദ്ദേശിക്കുന്നത് ലോകത്തിൽ ഭൗതിക ജീവിതം നയിക്കുന്നു എന്ന ബാഹ്യസ്വഭാവം മാത്രമല്ല; ലോകത്തിലായിരുന്നുകൊണ്ട് ലോകത്തിനുവേണ്ടി സേവനം ചെയ്യാൻ-ദൈവം ആഗ്രഹിക്കുന്നതുപോലെ ലോകത്തെ ആക്കിത്തീർക്കണമെന്നുള്ള അവബോധവും ഉത്തരവാദിത്വപൂർണ്ണമായ സമർപ്പണമനോഭാവവുമാണ്. വിശദമായി പറഞ്ഞാൽ, ലോകത്തിനുള്ളിൽ നിന്നുകൊണ്ട് കൂടുതൽ നീതിപൂർവ്വവും, കൂടുതൽ മനുഷ്യത്വവും നിറഞ്ഞ ലോകസൃഷ്ടിക്കുവേണ്ടിയുള്ള താല്പര്യവും ബോദ്ധ്യവും.

യേശുവിന്റെ പ്രർത്ഥന സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങളെ സംബന്ധിച്ച് ഏറെ പ്രസക്തമാണ് "ലോകത്തിൽ നിന്ന് അവരെ അവിടന്ന് എടുക്കണം എന്നല്ലാ, ദുഷ്ടനിൽ നിന്ന് അവരെ കാത്തുകൊള്ളണം എന്നാണ് ഞാൻ പ്രാർത്ഥിക്കുന്നത്. അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു (ബലികഴിക്കുന്നു: പരിത്യജിക്കുന്നു)" (യോഹ: 17/15,19)

സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങളുടെ പ്രവർത്തനങ്ങൾക്ക് ദൈവരാജ്യത്തിന്റെ രഹസ്യവുമായി പ്രത്യേക ബന്ധമുണ്ട്. മൂന്ന് ഇടങ്ങഴി മാവിൽ അത് പുളിക്കുവോളം ഒരു സ്ത്രീ ചേർത്ത പുളിപ്പിന് സദൃശ്യമാണ് 'സ്വർഗ്ഗരാജ്യം' എന്ന് ക്രിസ്തു പറയുന്നുണ്ട് (മത്താ: 13/33). ഈ ഉപമ ദൈവരാജ്യത്തിന്റെ അറിയപ്പെടാത്തതും രഹസ്യാത്മകവുമായ രണ്ട് വശങ്ങളെ സൂചിപ്പിക്കുന്നു. ഒരു സാധാരണ വസ്തുവിന് അതുമായി ബന്ധത്തിലേർപ്പെടുന്ന മറ്റൊരു വെറും സാധാരണ വസ്തുവിനെ എത്രയധികം ജീവസുറ്റതാക്കി മാറ്റാൻ കഴിയുന്നു എന്നാണ് വിശദമാക്കുന്നത്. ദൈവകൃപയ്ക്ക് പ്രത്യുത്തരമായി നടത്തുന്ന ബാഹ്യമായ ആവിഷ്ക്കാരമോ, പ്രകടനമോ അനുസരിച്ചല്ല, മറിച്ച് ആന്തരികമായ പ്രത്യുത്തരത്തെ ആശ്രയിച്ചാണ് ദൈവരാജ്യത്തിന്റെ വളർച്ച. ഒരു വേലിക്കെട്ടിനുള്ളിൽ മറഞ്ഞിരുന്നുകൊണ്ടല്ല. മറിച്ച് വെളിയിലിറങ്ങി, അതേ സമയം തിരിച്ചറിയാനുള്ള ബാഹ്യമായ അടയാളങ്ങളൊന്നുമില്ലാതെയാണ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങളുടെ ദൈവരാജ്യ പ്രവർത്തനം. അവർ സാധാരണ വ്യക്തികളായി ജീവിച്ചുകൊണ്ട് ദൈവകൃപയിൽ ആശ്രയിച്ച് ചുറ്റുമുള്ളവരുടെയിടയിൽ ക്രസ്തുവിന്റെ ലോകം സ്ഥാപിച്ചെടുക്കുന്നു. ലോകത്തിനുള്ളിൽ നിന്നുകൊണ്ട് തന്നെ ലോകത്തെ മാറ്റിയെടുക്കുന്നതിൽ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങൾക്ക് പ്രധാനപ്പെട്ട പങ്കുണ്ട്. മാവിലെ പുളിപ്പുപോലെ ചുറ്റുമുള്ള മനുഷ്യരുടെയിടയിൽ ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങൾ ഇഴുകിചേരണം. ക്രസ്തീയതയ്ക്ക് ചേരുന്ന എല്ലാ ജീവിത മണ്ഡലങ്ങളും, എല്ലാ ഉദ്യോഗങ്ങളും ഇതിന് ഉപയോഗപ്പെടുത്തണം. ബാഹ്യ അടയാളങ്ങളാൽ തിരിച്ചറിയപ്പെടാതെ ജീവിക്കുന്നവരായതിനാൽ ജീവിതത്തിലെ

എല്ലാമണ്ഡലങ്ങളിലും അവർക്ക് ഇറങ്ങിച്ചെല്ലാം. സഹപ്രവർത്തകരുടെ ഇടയിൽ മാനുഷികതയെ ദൈവികമാക്കുന്ന ജീവചൈതന്യത്തിന്റെ സാക്ഷിയായി മാറാം.

ആദിയിൽ എല്ലാം നന്മയായി ദൈവം സ്യഷ്ടിച്ചതും പാപംമൂലം അവ മലിനമാക്കപ്പെട്ടതും ഇന്നും നമുക്ക് വ്യക്തമായി അറിയാവുന്ന വസ്തുതയാണ്. വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഇന്നത്തെ ക്രസ്തീയ സമൂഹത്തെ ഉദ്ദേശിച്ചാണെന്ന് പറയാം. "നിങ്ങൾ നിർദ്ദോഷരും നിഷ്ക്കളങ്കരുമായിത്തീർന്ന്, വഴിപിഴച്ചതും വക്രതയുള്ളതുമായ തലമുറയുടെയിടയിൽ കുറ്റമറ്റ ദൈവമക്കളാവട്ടെ: അവരുടെ മദ്ധ്യേ ലോകത്തിൽ നിങ്ങൾ വെളിച്ചമായി പ്രകാശിക്കുകയും ചെയ്യട്ടെ." (ഫിലിപ്പി: 2/15). പാപം മൂലം അലങ്കോലപ്പെട്ടുപോയ എല്ലാ സ്യഷ്ടവസ്തുക്കളെയും ദൈവത്തിന്റെ ആധിപത്യത്തിലേക്ക് തിരിച്ച് കൊണ്ടുവരാൻ; പഴയ അവസ്ഥയിലേക്ക് പുന:സ്ഥാപിക്കുവാൻ ക്രിസ്തു മനുഷ്യനായി അവതരിച്ചു. സ്യഷ്ടികളും സ്യഷ്ടാവും തമ്മിൽ ഉണ്ടായ അകലം ഇല്ലാതാക്കാനാണ് ഇത്. അമിതമായ സാമ്പത്തിക ലാഭം, സമഗ്രതയും മാനുഷികതയുമില്ലാത്ത അതിരുകടന്ന വ്യക്തിസ്വാതന്ത്ര്യവാദം, ഐക്യവും സഹകരണവും ഇല്ലാത്ത കർക്കശമായ മത്സരബുദ്ധി ഇവയെല്ലാം ആണ് ഇന്ന് ലോകത്തിന്റെ മിക്കഭാഗങ്ങളിലെയും അവസ്ഥ. "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും അത് സമൃദ്ധിയായി ഉണ്ടാകാനുമാണ്" (യോഹ. 10/10) എന്ന് ഓർമ്മപ്പെടുത്തുന്നവനെയാണ് മനുഷ്യൻ ലോകത്തിൽ അന്വേഷിക്കുന്നത്. എന്നാൽ മനഷ്യാവതാരത്തിന്റെ നിഗൂഢമായ അർത്ഥവും, തിന്മകളിൽ നിന്നുള്ള വിശുദ്ധീകരണവും മനുഷ്യവർഗ്ഗത്തിന്റെ ആത്മരക്ഷയും ഇന്ന് അറിയപ്പെടാതെപോയിരിക്കുന്നു.

തിരുസഭയുടെ പ്രവർത്തന പദ്ധതികൾ എല്ലാംതന്നെ ലോകത്തിന്റെ മുഖഛായ പുതുക്കുന്നതിനുള്ള പരിശുദ്ധ ആത്മാവിന്റെ നിരന്തര പ്രവർത്തനങ്ങളുടെ ഭാഗം തന്നെയാണ്. സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നപേരിൽ കഴിഞ്ഞ കുറെ വർഷങ്ങളായി സഭയിൽ പുതിയൊരു ജീവിത ശൈലി വളർന്നു വന്നിട്ടുണ്ട്. സഭയുടെ പ്രബോധനങ്ങളിൽ ആവർത്തിച്ച് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സ്വഭാവത്തെക്കുറിച്ചും അവയുടെ പങ്കിനെക്കുറിച്ചും പഠനങ്ങൾ നൽകിയിട്ടുണ്ട്. പ്രൊവിദ മാത്തർ എക്ലേസിയ (1947), പ്രീമ ഫെലിചിത്തെർ 91947) രണ്ടാംവത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ (1962-1965) കാനൻ നിയമം 1883-ലെ പെർഫെക്ത്തേ കാരിത്താത്തിസ് II" എന്നിവ അവയിൽ ചിലതാണ്.

തിരുസഭയ്ക്ക് എപ്പോഴും സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകളോട് വളരെ ശ്രദ്ധ ഉണ്ടായിട്ടുണ്ട്. പയസ് പന്ത്രണ്ടാം പാപ്പ എഴുതിയത് ഇങ്ങനെയാണ് - "പരിദ്ധാത്മാവ് അവനിലേക്ക് വിളിച്ച അനേകം പുത്രന്മാർക്കും പുത്രിമാർക്കും കർത്താവിൽ ഏറെ വാത്സല്യത്തോടെ ഞാൻ അനുഗ്രഹാശിസ്സുകൾ നൽകുന്നു." പോൾ ആറാമൻ പാപ്പ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സ്വഭാവത്തെക്കുറിച്ചും അവയുടെ പങ്കിനെക്കുറിച്ചും മിക്കപ്പോഴും സംസാരിക്കാറുണ്ട്. അതിലെ അംഗങ്ങൾ "ലോകത്തിലാണ്, എന്നാൽ ലോകത്തിന്റേതല്ല എന്നാൽ ലോകത്തിനുവേണ്ടിയാണ്" എന്ന് അദ്ദേഹം ഓർമ്മപ്പെടുത്തുന്നുണ്ട്. ഇത് വെറും വാഗ്‌വിലാസമല്ല എന്നും മറിച്ച് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് ഇന്നത്തെ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി ഒരു ദൗത്യം ഉണ്ടെന്ന ബോധ്യവും ഉറപ്പിച്ച് പറയുകയുണ്ടായി. സഭയ്ക്ക് ലോകത്തെക്കുറിച്ചുള്ള പുതിയ സങ്കല്പങ്ങൾക്ക് അവിശ്രാന്തമായ ഉൾപ്രേരണ നൽകി ഒരു "മാതൃകയായി" സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകൾ നില്ക്കുന്നു എന്നുകൂടി പാപ്പ പറയുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ, ഭൗതീക ലോകത്തിൽ വിശുദ്ധി കൈമാറുന്ന കൈവഴികൾ എന്ന നിലയിൽ "ദൈവത്തിന്റെ ഉപകരണങ്ങളാണ്" സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങൾ. അവസാനമായി, ലോകത്തോടുള്ള അവരുടെ ബന്ധം വഴി, അവർ "അനുഭവജ്ഞാനത്തിന്റെ പരീക്ഷണശാലകൾ" കൂടിയാണ് എന്ന് പറയുന്നു. കൂടാതെ ജോൺ പോൾ രണ്ടാമൻ പാപ്പ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകളെ സഭയുടെ ജീവിതത്തിൽ "ദൈവക്യപയുടെ വിസ്ഫോടനങ്ങളായ്" വിശേഷിപ്പിക്കുന്നു.

സെക്കുലർ ഇൽസ്റ്റിറ്റ്യൂട്ടുകൾക്ക് തിരുസഭയിൽ ഒരു പ്രധാന പങ്ക് വഹിക്കാനുണ്ടെന്നത് നിസ്തർക്കമാണ്. ഒരു പുതിയ ജീവിതശൈലി ആയതിനാൽ പലപ്പോഴും അതിനെ മനസ്സിലാക്കാൻ ബുദ്ധിമുട്ട് ഉണ്ടാകാറുണ്ട്. ഇതുവരെ പരിചിതമായ സ്ഥിരം ചില വിഭാഗങ്ങളിൽ മാത്രം സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകളെ ഉൾപ്പെടുത്തി കാണാനാഗ്രഹിക്കുന്നവർ ഈ പുതിയ ജീവിതശൈലിയെ എതിർക്കുന്ന പ്രവണത കാണിക്കുന്നു. അതേസമയം വളരെ ലാഘവത്തോടും അത്യാകഷർകവുമായ രീതിയിലും ഈ ജീവിത ശൈലിയെ അവതരിപ്പിക്കുന്നത് ഈ വിളിയുടെ ദൈവികമായ ഉദ്ദേശ്യശുദ്ധിയെയും അതാവശ്യപ്പെടുന്ന പ്രത്യുത്തരത്തിന്റെ മഹനീയതയെയും തെറ്റിദ്ധരിക്കാൻ കാരണമാകും. എന്തെന്നാൽ, ഇത് വളരെ നൂതനമായ ആദ്ധ്യാത്മികതയാണ്. വിവാഹജീവിതം പോലെയുള്ള വ്യത്യസ്തമായ ജീവിതാന്തസ്സുകൾക്കൊപ്പം സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകളും വിളിലഭിച്ച അല്മായർക്ക് വിശുദ്ധിയിൽ വളരാൻ ഒരു വഴി ഒരുക്കുകയാണ്. ലോകത്തിലായിരിക്കാനും ലോകത്തിന് വേണ്ടി ആയിരിക്കാനുമാണ് ഈ വിളി.

## സ്ഥാപകനായ ജുസെപ്പെ ലസാറ്റി (The Founder Giuseppe Lazzati)

ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപകനായ ജുസെപ്പെ ലസാറ്റി ഇറ്റലിയിലെ മിലാനിൽ 1909-ൽ ജനിച്ചു. 1931-ൽ കാത്തലിക് യൂണിവേഴ്സിറ്റിയിൽനിന്നും ബി.എ. ബിരുദമെടുത്തു. 1934 മുതൽ 1945 വരെ മിലാൻ രൂപതയുടെ 'ഡയോസിഷൻ ആക്ഷൻ ഓഫ് മിലാൻ' എന്ന പ്രസ്ഥാനത്തിന്റെ യുവജനവിഭാഗം പ്രസിഡന്റ് ആയിരുന്നു. 1939 -ൽ അദ്ദേഹം തന്റെ ദൈവികമായ നിയോഗത്തെ തിരിച്ചറിയുകയും ഒരു സമർപ്പിത അല്മായനായി ജീവിക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. തുടർന്ന് കർദ്ദിനാൾ ഷൂസ്റ്റർ മെത്രാപ്പോലീത്തയുടെ സഹകരണത്തോടെ കുറെ സുഹൃത്തുക്കളുമൊരുമിച്ച് "മിലിറ്റെസ് ക്രിസ്റ്റി"എന്ന അല്മായ സമൂഹത്തിന് രൂപം നല്കി സ്വയം അതിനായി സമർപ്പിച്ചു. 1969-ൽ ഈ ഗ്രൂപ്പ് 'സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് ക്രൈസ്റ്റ് ദ കിംഗ്' എന്ന പേര് സ്വീകരിച്ചു.

1943 മുതൽ 1945 വരെ ലസാറ്റി പോളണ്ടിലും ജർമ്മനിയിലുമായി കോൺസൻട്രേഷൻ കാമ്പുകളിൽ തടവിലാക്കപ്പെട്ടു. അങ്ങനെ പ്രതികൂലമായ ഒരു സാഹചര്യത്തിൽ നിന്നുകൊണ്ട് തന്റെ സുവിശേഷവത്കരണ ദൗത്യം നിർവ്വഹിച്ചു. തടവറയിൽ തന്നോടൊപ്പം ക്ലേശങ്ങളനുഭവിച്ച സഹോദരങ്ങളുടെ മദ്ധ്യേ ഐക്യമത്യത്തിനും സാഹോദ്യത്തിനും ഉത്തമമാതൃകയായി, അവർക്ക് ഒരു ആശ്വസകനായി. 1946-ൽ മിലാൻ മുനിസിപ്പൽ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും അതു കൂടാതെ നിയമസഭയുടെ പ്രതിനിധി ആവുകയും ചെയ്തു. പിന്നീട് 1953-ൽ റിപ്പബ്ലിക്കൻ പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

മിലാനിൽ തിരിച്ചെത്തിയ ലസാറ്റി ആദ്യം"കാത്തലിക് ഗ്രാജ്വേറ്റ് മൂവ്മെന്റി"ന്റെ പ്രസിഡന്റായും പിന്നീട് "കാത്തലിക് ആക്ഷ"ന്റെ രൂപതാ പ്രസിഡന്റായും പ്രവർത്തിച്ചു. അങ്ങനെ ഈ കാലഘട്ടം കാർഡിനൽ മൊൺടിനി (പിന്നീട് പോൾ ആറാമൻ പാപ്പ)യോടൊപ്പമുള്ള ദൈവശാസ്ത്ര-ആത്മീയ ബന്ധത്തിന്റെ സുവർണഘട്ടമായിരുന്നു. 1961 മുതൽ 1964 വരെയുള്ള കാലഘട്ടം ലസാറ്റിയെ മിലാൻ ദിനപത്രമായ "എൽ ഇറ്റാലിയ"യുടെ ഡയറക്ടറായി കാർഡിനാൽ മൊൺടിനിയുടെ ഉത്തരവ് പ്രകാരം നിയമിച്ചു. പിന്നീട് മിലാൻ കാത്തലിക് യൂണിവേഴ്സിറ്റിയിലെ അധ്യാപകനായിരിക്കെ "ആർട്സ് ആന്റ് ഫിലോസഫി" ഫാക്കൾട്ടിയുടെ 'ഡീൻ' ആയും അവസാനം 1968 മുതൽ 1983 വരെ യൂണിവേഴ്സിറ്റിയുടെ റെക്ടറായും പ്രവർത്തിച്ചു. ഇറ്റലിയിലെ വിദ്യാഭ്യാസമേഖലയിലെ ഏറ്റവും പ്രയാസമേറിയ കാലഘട്ടമായിരുന്നു ഇത്.

വർദ്ധിച്ചു വരുന്ന അസുഖങ്ങളുടെ മദ്ധ്യത്തിലും 1976 മുതൽ 1986 വരെ അദ്ദേഹം നിർബാധം ആവേശപൂർവ്വമായി തന്റെ അപ്പസ്തോലിക ശുശ്രൂഷകളും ആത്മീയ അനുയാത്രകളും ഒന്നും വിട്ടുകളയാതെ സ്ഥിരോത്സാഹത്തോടുകൂടി തുടർന്നു. ഇക്കാലയളവിൽ വടക്കെ ഇറ്റലിയിലുള്ള 'സാൻ സാൽവറ്റോർ' എന്ന ആശ്രമത്തിൽ വച്ച് വളരെയധികം യുവജനങ്ങളെ അവരുടെ പ്രവർത്തനങ്ങളിൽ അനുയാത്ര നടത്തി. 1986 മെയ് 18-ലെ പെന്തക്കുസ്തയുടെ പുലരിയിൽ ജുസെപ്പെ ലസാറ്റി ദിവംഗതനായി. 1988 മുതൽ അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ 'സാൻ സാൽവറ്റോർ' ആശ്രമത്തിലെ കബറിടത്തിൽ അന്ത്യവിശ്രമം കൊള്ളുന്നു.

പരിപൂർണത എന്നത് ഈ ലോകത്തിന് 'ചേർന്നതല്ല' എന്ന് പറയുന്നത് കൊള്ളാവുന്ന കാര്യമാണെന്നതിൽ തർക്കമില്ല. എന്നാൽ ഇത്തരം പ്രസ്താവനകൾ മനുഷ്യരെ വ്യക്തിപരമായ പ്രതിബദ്ധതയിൽനിന്നും. വിശിഷ്യാ പ്രായപൂർത്തിയായവരെ സ്വന്തം ഉത്തരവാദിത്വത്തിൽ നിന്നും സ്വതന്ത്രരാക്കുമെന്നത് സ്വഭാവികമാണ്. എന്നാൽ ഒരു ക്രിസ്ത്യാനി അങ്ങനെയാകരുത്. പരിപൂർണത എന്നത് ഒരു യാഥാർത്ഥ്യമാണെന്ന് ക്രിസ്ത്യാനിയ്ക്ക് അറിയാം. ഒരുവൻ/ഒരുവൾ തന്റെ ചിന്തയിലും, ജീവിതംമുഴുവനും, അനുദിന തീരുമാനങ്ങളിലും പൂർണതയെന്നത് യാഥാർത്ഥ്യമാണെന്ന ചിന്തയാൽ നയിക്കപ്പെടുന്നു. പൂർണസത്യം ഒരു യാഥാർത്ഥ്യമാണെന്ന് കൃത്യമായി നമ്മെ കാണിച്ച് തരാൻ ദൈവം മനുഷ്യരൂപമെടുത്തു. ഇത് കാലാന്തരത്തിൽ ഒരു ക്രിസ്ത്യാനി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സ്നേഹത്തിൽ ഈ പൂർണത വെളിപ്പെടുത്താനുള്ള തന്റെ ദൗത്യം തിരിച്ചറിയുന്നതിനുവേണ്ടിയാണ്. ലസാറ്റി തന്റെ ജീവിതം മുഴുവൻ ഈ ദൗത്യത്തിൽ പ്രതിജ്ഞാബദ്ധനായിരുന്നു.

ലസാറ്റിയെക്കുറിച്ച് ഫ്രാൻസിസ് പാപ്പ അംഗീകാരം നല്കിയ പ്രമാണരേഖ[1] നമ്മെ ഓർമ്മപ്പെടുത്തുന്നത് ഈ സത്യമാണ്. പ്രസ്തുത പ്രമാണരേഖയിൽ ഇങ്ങനെ സൂചിപ്പിച്ചിരിക്കുന്നു. സഭ മാതൃകയായി പ്രഖ്യാപിച്ചിട്ടുള്ള ഈ സ്ത്രീ പുരുഷന്മാർ "ലോകത്തിൽ സത്യത്തിന്റെ പൂർണതയില്ല" എന്ന് പറയാൻ വിസമ്മതിച്ച വ്യക്തികളാണ്. അവർ അവരുടെ ജീവിതത്തിനുമപ്പുറം നിർണായകമായ വെളിപാടും പൂർണതയും ഉണ്ടെന്ന് വിശ്വസിച്ചിരുന്നു. അവർ പൂർണരല്ലായിരുന്നു. പൂർണത മാനുഷികമായി എത്തിപ്പിടിക്കാൻ പറ്റാത്ത യാഥാർത്ഥ്യമാണെങ്കിലും അതിനുവേണ്ടി മൽപിടുത്തം നടത്തുകയും, ബദ്ധശ്രദ്ധരാകുകയും, മറ്റുള്ളവരുടെ മുമ്പിൽ സാക്ഷികളായിത്തീരുകയും ചെയ്യുക എന്നത് ഏറ്റവും വിലപ്പെട്ടതാണെന്ന് മറ്റാരേക്കാളും നന്നായി അവർ തിരിച്ചറിഞ്ഞിരുന്നു. ക്രിസ്ത്യാനികൾ പൂർണ്ണരല്ല, പക്ഷെ അവർ അവരുടെ ജീവിത മണ്ഡലങ്ങളിൽ എളിമയോടും കാർക്കശ്യമുള്ള

സമർപ്പണത്തോടും കൂടി പൂർണത തേടുന്നവരാണ് - അവരുടെ പഠനങ്ങളിൽ, ഔദ്യോഗിക മേഖലകളിൽ, തൊഴിൽ രംഗങ്ങളിൽ, രോഗാവസ്ഥയിൽ സഭയിലും ലോകത്തിലുമുള്ള ഇടപെടലുകളിൽ..........

മനുഷ്യന്റെ വ്യക്തി ജീവിതത്തിലും, ക്രൈസ്തവ ജീവിതം മുഴുവനിലും പൂർണ്ണത അന്വേഷിക്കുന്നവർക്ക് മാതൃകയാണ് ലസാറ്റി എന്ന യാഥാർത്ഥ്യം അദ്ദേഹത്തോടുള്ള പ്രത്യേകം താല്പര്യം മൂലം എടുത്തുപറയുന്നതല്ല. അതിലുപരി അതൊരു സത്യമാണെന്ന് ഔദ്യോഗികമായി സഭ നടത്തുന്ന പ്രഖ്യാപനം കൂടിയാണത്.

*"മുകളിൽ സൂചിപ്പിച്ച ഡിക്രിയിലൂടെ തിരുസഭ ലസാറ്റിയുടെ വിശുദ്ധിയെയാണ് വിളിച്ചറിയിക്കുന്നത്. തികച്ചും പുതുമയാർന്നതും വ്യത്യസ്തവുമാണ് ലസാറ്റിയുടെ ദൗത്യം എന്ന് അതിൽ വ്യക്തമാക്കുന്നുണ്ട്."*

*"ഇതുപോലൊരു പരാമർശം ഈ വിളിയെക്കുറിച്ച് സഭയിൽ നിന്നുണ്ടാകുമ്പോൾ അത് വളരെ സാധാരണമായ ഒരു വാർത്തയായിട്ടോ ആഹ്വാനമായിട്ടോ കാണാനാകില്ല. സഭയിലും സമൂഹത്തിലുമുള്ള നമ്മുടെ പങ്ക് എത്രമാത്രം മഹത്തരവും, പുതുമയാർന്നതുമാണെന്നന്വേഷിച്ചറിയാനും അത് നമ്മുടെ ജീവിതങ്ങളെ അത്രയധികമായി സ്വാധീനിക്കാൻ ഉപയുക്തമാണെന്നും ഇതിൽനിന്നും മനസ്സിലാക്കാവുന്നതാണ്."*
**(ജോർജ്ജിയോ. എം.)**

Note 1 : 2013 ജൂലൈ 5-ാം തീയതി പരിശുദ്ധപിതാവ് പ്രൊഫസർ ജുസെപ്പെ ലസാറ്റിയുടെ വീരോചിതമായ പുണ്യജീവിതം അംഗീകരിച്ച് അദ്ദേഹത്തെ ധന്യനായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഡിക്രി പുറപ്പെടുവിച്ചു.

**(ഫാബിയോ ഡൊമെനിക്. വി തയ്യാറാക്കിയ ഇംഗ്ലീഷ് വിവർത്തനത്തിൽ നിന്ന്)**